തനിച്ച് താമസിക്കുന്ന വൃദ്ധയുടെ മാല പൊട്ടിച്ചു കടന്ന് കളഞ്ഞ മോഷ്ടാവിനെ മണിക്കൂറുകൾക്കകം കുന്നത്തുനാട് പോലീസ് പിടികൂടി. കിഴക്കമ്പലം വിലങ്ങ് ഭാഗത്ത് ബിനുഭവനത്തിൽ ബിനു (38) വിനെയാണ് പോലീസ് പിടികൂടിയത്. ബുധനാഴ്ച ഉച്ചയ്ക്ക് രണ്ട് മണിയോടെ വിലങ്ങ് ഭാഗത്ത് താമസിക്കുന്ന തൊണ്ണൂറ് വയസുള്ള വൃദ്ധയുടെ മൂന്നരപ്പവന്റെ മാലയാണ് ബൈക്കിലെത്തിയ ഇയാൾ പൊട്ടിച്ച് കടന്ന് കളഞ്ഞത്.